IT @ School
GENERAL EDUCATION DEPARTMENT
GOVT. OF KERALA

**IT@SCHOOL STATE PROJECT OFFICE**
(IT project under Directorate of Public Instruction)
VICTERS
(The complete educational channel)
POOJAPPURA P.O., THIRUVANANTHAPURAM-12
Ph: 0471-2529800 Fax: 0471-2529810
E-mail : contact@itschool.gov.in, victers@itschool.gov.in
Website : www.itschool.gov.in, www.victers.itschool.gov.in

**<u>സർക്കുലർ</u>**

**വിഷയം:- ഐ ടി @ സ്കൂൾ പ്രോജക്ട് - പത്താംക്ലാസ് വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ 'സമ്പൂർണ്ണ' യിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:
1) 18.08.2011 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എൻ. ഇ. പി (3)/53537/2011 നമ്പർ സർക്കുലർ.
2) 13. 12. 211 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എൻ. ഇ. പി (3)/53537/2011 നമ്പർ സർക്കുലർ
3) 17.09.2012 ലെ പരീക്ഷാകമ്മീഷണറുടെ ഇ.എക്സ്/ സി.ജി.എൽ (1) 68664/2012/ സി.ജി.ഇ നമ്പർ വിജ്ഞാപനം

സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങൾക്കും പ്രയോജനപ്രദമായ സമ്പൂർണ്ണ ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതിന് സൂചന 1 പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന 2 പ്രകാരം അടുത്ത അധ്യയന വർഷത്തേയ്ക്കുള്ള (2012-13) ക്ലാസ് പ്രമോഷൻ , ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, പ്രോഗ്രസ് റിപ്പോർട്ട് തുടങ്ങിയവ 'സമ്പൂർണ്ണ' സോഫ്ട്‌വെയറിലൂടെയാണ് നടത്തേണ്ടത്. സൂചന മൂന്ന് പ്രകാരം 2013 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ സമ്പൂർണ്ണയിൽ നിന്നാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ശേഖരിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. അപ്ഡേറ്റ് ചെയ്ത സമ്പൂർണ്ണ ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സിസ്റ്റം 'sampoorna.itschool.gov.in' എന്ന അഡ്രസിൽ ലഭ്യമാണ്.
2. സൂചന മൂന്ന് പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ സ്കൂൾ ഗോയിംഗ് വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ വിവരങ്ങളിൽ ഏതെങ്കിലും തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ 12.11.2012 ന മുമ്പ് വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പരീക്ഷാഭവനിലേക്ക് നിശ്ചിത മാതൃകയിൽ പ്രസ്തുത ഡാറ്റാ കൈമാറുന്നതിനായി എല്ലാ സ്കൂളുകളിൽ നിന്നുമുള്ള ഡാറ്റാ 10.11.2012 നുമുമ്പ് സമ്പൂർണ്ണയിൽ ഉൾപ്പെടുത്തേണ്ടതാണ്.
3. ഫോട്ടോ ഉൾപ്പെടുത്തുമ്പോൾ 150W x 200H pixels വലിപ്പമുള്ളതും പരമാവധി 30kb യൽ കൂടാത്തതുമായിരിക്കണം. മേൽപ്പറഞ്ഞ തരത്തിലല്ലാത്ത ഫോട്ടോ സമ്പൂർണ്ണയിൽ ഉൾപ്പെടുത്തിയാലും പരീക്ഷാഭവന് ഉപയോഗിക്കാൻ കഴിയുകയില്ല.
4. സമ്പൂർണ്ണയിൽ ഉൾപ്പെടുത്തുന്ന വിദ്യാർത്ഥികളുടെ വിവരങ്ങളാണ് എസ്.എസ്.എൽ.സി കാർഡ് പ്രിന്റ് ചെയ്യുന്നതിന് ഉപയോഗിക്കുന്നത്. അതിനാൽ പ്രസ്തുത ഡാറ്റയിൽ തെറ്റുകൾ കടന്നുകൂടിയിട്ടില്ലെന്ന് ക്ലാസ് അധ്യാപകർ ഉറപ്പുവരുത്തേണ്ടതും പ്രഥമാധ്യാപകർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
5. വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് സംശയങ്ങളുണ്ടായാൽ ഐ.ടി @സ്കൂൾ പ്രോജക്ടിന്റെ ജില്ലാഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

പൊതുവിദ്യാഭ്യാസ ഡയറക്ടർ (ആമുഖ കത്ത് സഹിതം)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാകോർഡിനേറ്റർമാർക്കും
എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (ഡി.ഇ.ഒ മുഖേന)